"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്-തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നം. 14ൽ റീസർവ്വേ നം. 113/71 ൽപ്പെട്ട 1.90 ആർ ഭൂമി നിലവിലെ താമസക്കാരനായ ശ്രീ അഹമ്മദ് കബീർ, ശ്രീമതി. ഫാത്തിമുത്ത് എന്നിവർയ്ക്ക് പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ.(കൈ) നം.114/2026/RD തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-

1. 30/11/09 ലെ സ.ഉ (എം.എസ്) നം.491/09/റവ
2. ജില്ലാ കളക്ടറുടെ 11.07.2023, 13.05.2024 എന്നീ തീയതികളിലെ ലെ B3/15469/2018 നമ്പർ കത്ത്.
3. ലാൻറ് റവന്യൂ കമ്മീഷണറുടെ 01.06.2024 ലെ എൽ. ആർ/ 8609/2023-എൽ. ആർ. (ജെ.6) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഭൂമി അനുവദിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നം. 14ൽ റീസർവ്വേ നം. 113/71 ൽപ്പെട്ട 1.90 ആർ ഭൂമി പ്രസ്തുത ഉത്തരവ് പ്രകാരം പതിച്ചു നൽകിയത് ശ്രീമതി ഉമ്മച്ചി അമ്മാൾ എന്നയാൾക്കായിരുന്നു. എന്നാൽ പ്രസ്തുത ഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് മുമ്പ് കരാർ പത്രം മുഖേന ശ്രീ. അഹമ്മദ് കബീർ & ശ്രീമതി. ഫാത്തിമുത്ത് എന്നിവർക്ക് കരാർ പത്രം മുഖേന കൈമാറി. തുടർന്ന് അപേക്ഷകനായ ശ്രീ. അഹമ്മദ് കബീർ വിദേശത്ത് ജോലി ആവശ്യാർത്ഥം പോയിരുന്നതിനാൽ പട്ടയ അപേക്ഷയിൽ ഒപ്പ് വയ്ക്കാൻ സാധിക്കാതിരുന്നതും, ടിയാൻ വിദേശത്തു നിന്നും മടങ്ങിയെത്തിയ ശേഷം അപേക്ഷ സമർപ്പിച്ചപ്പോൾ, വിഴിഞ്ഞം വില്ലേജ് കോർപ്പറേഷൻ പരിധിയിലായതിനാൽ, പതിവധികാരിയായ ജില്ലാ കളക്ടർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള തുടർനടപടിക്കായി തഹസിൽദാർ ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. ടിയാളുകളുടെ കുടുംബവാർഷിക വരുമാനം 9000/- രൂപയാണെന്ന് വില്ലേജാഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും ടിയാളുകൾക്ക് കേരള സംസ്ഥാനത്ത് വേറെ ഭൂമിയില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെന്നും പ്രസ്തുത ഭൂമി സമുദ്രാതിർത്തിയിൽ നിന്ന് 200 മീറ്റർ

ദൂരത്തിലാണെന്നും 15 വർഷമായി ടിയാളുകളുടെ കൈവശത്തിലാണെന്നും തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പതിച്ച് നൽകുന്നതിനായി അനുവദിച്ച ഭൂമി ആയതിനാൽ മറ്റു വകുപ്പുകളുടെ NOC ആവശ്യമുള്ളതായി കാണുന്നില്ല. വിഴിഞ്ഞം പുനരധിവാസവുമായി ബന്ധപ്പെട്ട് ലഭിച്ചതും ഒറിജിനൽ അലോട്ടിയിൽ നിന്നും കരാർ പത്രം മുഖേന ഭൂമി കൈമാറി ലഭിച്ചിട്ടുള്ള നിലവിലെ കൈവശക്കാരനാണ് അപേക്ഷകനെന്നതിനാലുമാണ് സർക്കാർ ഉത്തരവിനായി സമർപ്പിച്ചിട്ടുള്ളതെന്നും ആയതിനാൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നം. 14ൽ റീസർവ്വേ നം. 113/71 ൽപ്പെട്ട 1.90 ആർ ഭൂമി നിലവിലെ കൈവശക്കാരായ ശ്രീ. അഹമ്മദ് കബീർ, ശ്രീമതി ഫാത്തിമുത്ത്, ഹൗസ് നം. 475, ടൗൺഷിപ്പ് കോളനി, വിഴിഞ്ഞം എന്നിവർ പേരിൽ പതിച്ചു നൽകുന്നതിനു സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നുമാണ് പരാമർശം (2&3) പ്രകാരം ജില്ലാ കളക്ടറും ലാൻറ് റവന്യൂ കമ്മീഷണറും ആവശ്യപ്പെട്ടിരിക്കുന്നത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരാമർശം (1) പ്രകാരം ശ്രീമതി ഉമ്മച്ചി അമ്മാൾ എന്നയാൾക്ക് അനുവദിച്ചുത്തരവായതും പട്ടയം ലഭിക്കുന്നതിന് മുമ്പ് കരാർ പത്രം മുഖേന കൈമാറി ലഭിച്ചിട്ടുള്ളതുമായ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നം. 14ൽ റീസർവ്വേ നം. 113/71 ൽപ്പെട്ട 1.90 ആർ ഭൂമി നിലവിലെ താമസക്കാരായ ശ്രീ. അഹമ്മദ് കബീർ, ശ്രീമതി ഫാത്തിമുത്ത്, ഹൗസ് നം. 475, ടൗൺഷിപ്പ് കോളനി, വിഴിഞ്ഞം എന്നിവരുടെ പേരിൽ പട്ടയം അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇത് സംബന്ധിച്ച നിയമാനുസൃത തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കലക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
ശ്രീ. അഹമ്മദ് കബീർ & ശ്രീമതി ഫാത്തിമുത്ത്, ഹൗസ് നം. 475, ടൗൺഷിപ്പ് കോളനി, വിഴിഞ്ഞം, തിരുവനന്തപുരം
വിവര-പൊതു ജനസമ്പർക്ക(വെബ്& ന്യൂമീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 07-03-2026 13:10:52

പകർപ്പ്- ബഹു. റവന്യു വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യു വകുപ്പ് സെക്രട്ടറിയുടെ പി. എ.ക്ക്
റവന്യു വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ.ക്ക്